ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ ശ്രീ. ബി.റ്റി.വി. കൃഷ്ണൻ B.Tech. )

ഉത്തരവ് നമ്പർ ബി2/28219/2019/സി.ഇ. തീയതി 9-10-2020

വിഷയം:- ഹാർബർ എഞ്ചിനീയറിഗ് വകുപ്പ്- ചീഫ് എഞ്ചിനീയറുടെ കാര്യാലയം കേന്ദ്രമാക്കി താത്ക്കാലികമായി ഒരു ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ സെൽ രൂപീകരിച്ചുത്തരവാകുന്നു.

പരാമർശം :- സർക്കാർ ഉത്തരവ് (സാധാ) നം. 542/2020/മഉവ തീയതി 01/10/2020

ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയറുടെ കീഴിൽ വിവിധ ഹാർബറുകളുടെയും തീരസംരക്ഷണ പ്രവൃത്തികളുടെയും മാതൃകാപഠനം, ഡിസൈൻ എന്നിവ നിർവ്വഹിക്കുന്നതിനും, ഇൻവെസ്റ്റിഗേഷൻ വിശദാംശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും, കിഫ്ബി പ്രവൃത്തികളുടെ വകുപ്പുതലമേൽനോട്ടം നിർവ്വഹിക്കുന്നതിനും ക്വാളിറ്റി കൺട്രോൾ പരിശോധനകൾക്കും ആയി പ്രത്യേക സെൽ രൂപീകരിക്കേണ്ടത് വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്.

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് ഈ വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. മായ ബി.എസ്.നെ ദക്ഷിണമേഖല ഇൻവെസ്റ്റിഗേഷൻ ഓഫീസിലാണ് നിയമിച്ചിട്ടുള്ളത്. ഇൻവെസ്റ്റിഗേഷൻ,ഡിസൈൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് മേൽ പറഞ്ഞ സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.മായ ബി.എസ് ന്റെ കീഴിൽ താഴെപറയുന്ന ജീവനക്കാരെ ഉൾപ്പെടുത്തി ഒരു പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ശ്രീമതി. മായ ബി.എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കോ-ഓഡിനേറ്റർ)
കുമാരി. ഐശ്വര്യ സുഗതൻ, അസി.എഞ്ചിനീയർ (ഡിസൈൻ ചുമതല)
ശ്രീ. പി. ഹരിലാൽ, അസിസ്റ്റന്റ് എഞ്ചിനീയർ (കിഫ്ബി ചുമതലകൾ)
ശ്രീ. ബിനോ ആൽബർട്ട്, അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻവെസ്റ്റിഗേഷൻ, ക്വാളിറ്റി കൺട്രോൾ)
ശ്രീ. എൻ. സാനു, ഹെഡ് ക്ലാർക്ക്
ശ്രീ. സുജിത്കുമാർ വി.കെ. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - II
(ഫയലുകളും, കത്തിടപാടുകളും)
ശ്രീമതി. മാലിനി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
} ഐ.ടി. സെൽ ചുമതലകൾ

മേൽപറഞ്ഞ ചുമതലകൾക്കു പുറമെ കൊല്ലം ജില്ലയിൽ NABARD RIDF- XXVI സ്കീമിൽ ഉൾപ്പെടുത്തി വിവിധ ഹാർബർ നവീകരണ പദ്ധതികളുടെ അംഗീകാരം നബാർഡിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇവയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റുകൾ അടിയന്തരമായി തയ്യാറാക്കി സംസ്ഥാന സർക്കാർ ഭരണാനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കേണ്ടതുമാണ്. പ്രസ്തുത പ്രവൃത്തികളും ഈ പ്രത്യേക സെല്ലിന്റെ കീഴിലായിരിക്കുന്നതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്
വ്യക്തികൾക്ക്

പകർപ്പ് :-
1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണമേഖല, തിരുവനന്തപുരം
2) ഡിസി.ഇ.,എക്സിക്യൂട്ടീവ് എഞ്ചിനീയർ,(ഡിസൈൻ), എക്സിക്യൂട്ടീവ് എഞ്ചിനിയർ ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ,കൊല്ലം
3) ഐ.ടി സെൽ

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്